(ബി) 12-6-1996-ലെ ജി.ഒ. (എം.എസ്.) 300/96/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം വില്ലേജ് ആഫീസുകൾ, താലൂക്ക് ആഫീസുകൾ, ആർ.ഡി.ഒ.-മാരുടെ ആഫീസുകൾ, ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ലഭിക്കുന്ന എല്ലാ അപേക്ഷകൾക്കും കൈപ്പറ്റ് രസീത് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വ്യക്തമായ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകളിന്മേൽ അന്നുതന്നെ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. കാലതാമസം ഉള്ളവ നിശ്ചിത സമയത്ത് തന്നെ നൽകുന്നുണ്ട്.

(ഡി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

റോഡ് നന്നാക്കുന്നതിനുള്ള ലോകബാങ്ക് പദ്ധതി

39 [3211] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് പദ്ധതിയിൽ ഒന്നാംഘട്ടത്തിൽ എത്ര കിലോമീറ്റർ റോഡുകളാണ് അഭിവൃദ്ധിപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര കിലോമീറ്റർ റോഡുകളാണ് ഹെവി മെയിന്റനൻസ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ ആന്റ് ബി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന റോഡുവികസന പദ്ധതിയിൽ (കെ.എസ്.ടി.പി.) അപ്ഗ്രഡേഷൻ വിഭാഗത്തിൽ 600 കി.മി. റോഡും മെയിന്റനൻസ് വിഭാഗത്തിൽ 1000 കി.മി. റോഡും വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ഒ.ഡി. റോഡുകൾ പരിപാലിക്കപ്പെടുന്നതിന് നടപടി

40 [3212] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഡി. റോഡുകൾ പരിപാലിക്കപ്പെടുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില്ലേജ്, ഒ.ഡി. റോഡുകൾ ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കാൻ പദ്ധതിയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റോഡുകളുടെ സംരക്ഷണത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും സാമ്പത്തികസഹായം ഏതെങ്കിലും രീതിയിൽ നൽകുന്നുണ്ടോ;

(ഡി) റോഡുകളുടെ ഇരുവശത്തുമുള്ള കടകളുടേയും മറ്റു സ്ഥാപനങ്ങളുടേയും റോഡ് ഫ്രണ്ടേജ് വീതി അളന്ന് നികുതി ഈടാക്കാനും അത് റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഉപയോഗിക്കാമെന്നും തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1994-ലെ ജില്ലാ പഞ്ചായത്ത് നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് സ്റ്റേറ്റ് ഹൈവേ, മേജർ ജില്ലാ റോഡുകൾ എന്നിവ ഒഴികെയുള്ള റോഡുകളുടെ ചുമതല ത്രിതല പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്.

(സി ആന്റ് ഡി) ഇല്ല.

പ്രധാന പാതകളുടെ വികസനത്തിന് ഭൂമി വിലയ്ക്ക് വാങ്ങുവാൻ നടപടി

41 [3213] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന പാതകളുടെ വികസനത്തിന് ഭൂമി വിലയ്ക്ക് വാങ്ങുവാൻ സർക്കാർ തീരുമാനമുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പാതകൾക്കാണ് ആദ്യഘട്ടത്തിൽ ഭൂമി വാങ്ങുവാൻ തീരുമാനമായിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇങ്ങനെ വാങ്ങുന്ന ഭൂമിക്ക് വില നിശ്ചയിക്കുന്നതെങ്ങനെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.റ്റി.പി.) അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒന്നും രണ്ടും ഘട്ട പദ്ധതിയിൽപ്പെട്ട റോഡുകൾക്ക് ആവശ്യമുള്ള ഭൂമി വിലയ്ക്കു വാങ്ങാനാണ് ആദ്യ ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. (ലിസ്റ്റ് അനുബന്ധമായി വയ്ക്കുന്നു.) †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly